## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1719 | 04.12.2018-ൽ മറുപടിയ്ക്ക് |
|---|---|

**പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, വി.ആർ. സുനിൽ കുമാർ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തുണ്ടായ പ്രളയത്തിന് ശേഷം നടന്ന ശുചീകരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ശുചീകരണത്തിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലുമുള്ള മാലിന്യം വേർതിരിച്ച് പുനഃചംക്രമണത്തിന് വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. അംഗീകൃത ഏജൻസികൾ വഴി 6888 ടൺ മാലിന്യം പുനഃചംക്രമണത്തിന് വിധേയമാക്കിയിട്ടുണ്ട്. ശാസ്ത്രീയമായ ലാന്റ് ഫില്ലിംഗിനായി 8786 ടൺ മാലിന്യം ഉപയോഗിച്ചിട്ടുണ്ട്. |
| (സി) | പ്രളയശേഷമുള്ള മാലിന്യത്തിന്റെ സംസ്കരണം സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | പ്രളയമേഖലയിലെ ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. അജൈവ മാലിന്യങ്ങൾ ക്ലീൻകേരള കമ്പനിയുടെ സഹായത്തോടെ സംസ്കരണത്തിനായി കൈമാറുകയാണ് ചെയ്തത്. |
| (ഡി) | ഏതൊക്കെ ഏജൻസികളാണ് പ്രസ്തുത പ്രവർത്തനങ്ങളുടെ ചുമതല വഹിച്ചതെന്നും ഏകോപനം നിർവ്വഹിച്ചതെന്നും വ്യക്തമാക്കുമോ? | (ഡി) | ക്ലീൻ കേരള കമ്പനി മുഖേന നടത്തിയ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ശുചിത്വമിഷൻ, ഹരിതകേരളമിഷൻ, ജില്ലാഭരണകൂടം എന്നിവയുടെ സഹകരണവും, പങ്കാളിത്തവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഹരിത സഹായ സ്ഥാപനങ്ങൾ , കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, ഗ്രീൻ വേംസ് എക്കോ സൊല്യൂഷൻസ്, എൽ.എൽ.പി. വെസ്റ്റ് ഹിൽ, കോഴിക്കോട്, ക്രിസ്സ് ഗ്ലോബൽ ട്രേഡേഴ്സ്, വെങ്ങൽ, ആല്യംകുരുത്തി പി.ഒ., തിരുവല്ല, ഒലീന മഹിളാ സമാജം, വെസ്റ്റ് ഹിൽ, കോഴിക്കോട്, നിറവ് സീറോ വേസ്റ്റ് മാനേജ്മെൻറ്, കോഴിക്കോട്, പ്ലാസ്റ്റിക് റീസൈക്ലിംഗ് ഇൻഡസ്ട്രിയൽ അസോസിയേഷൻ, പെരുമ്പാവൂർ, എറണാകുളം, സ്ക്രാപ്പ് മർച്ചൻസ് അസോസിയേഷൻ എന്നീ സ്ഥാപനങ്ങളുടേയും സംഘടനകളുടേയും സേവനങ്ങൾ അജൈവ മാലിന്യ സംസ്കരണത്തിന് ഉപയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പ്രളയബാധിത പ്രദേശങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം

പ്രളയബാധിത പ്രദേശങ്ങളിലെ ശുചീകരണത്തിന്റെ ഭാഗമായി പുറന്തള്ളപ്പെടുന്ന അജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണത്തിന് കൈമാറുന്ന പ്രവർത്തനം പ്രധാനമായും ക്ലീൻ കേരള കമ്പനിയുടെ മേൽ നോട്ടത്തിലാണ് നടപ്പിലാക്കിയത്. ശേഖരിക്കുന്ന മാലിന്യങ്ങൾ പുന:ചംക്രമണത്തിനോ, സംസ്കരണത്തിനോ ആയി ഉപയോഗിക്കുക എന്ന രീതിയിലായിരുന്നു കമ്പനിയുടെ പ്രവർത്തനം. പ്രധാനമായും പ്ലാസ്റ്റിക്, കുപ്പി, ബാഗ്, ചെരുപ്പ്, പ്ലാസ്റ്റിക് നിർമ്മിത കളിപ്പാട്ടങ്ങൾ, റബ്ബർ, ചില്ലുകുപ്പികൾ, റക്സിൻ, തുണി, മെത്ത, തലയിണ, എന്നിവയായിരുന്നു ശേഖരിക്കുന്ന മാലിന്യങ്ങളിൽ ഉൾപ്പെട്ടിരുന്നത്. 27/10/2018 ലെ കണക്ക് അനുസരിച്ച് 15674.81 ടൺ മാലിന്യങ്ങളാണ് പ്രളയബാധിത പ്രദേശങ്ങളായ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്എന്നീ ജില്ലകളിൽ നിന്നും ശേഖരിച്ചിട്ടുള്ളത്. ശേഖരിച്ച അജൈവമാലിന്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പുന:ചംക്രമണയോഗ്യമല്ലാത്ത പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗിനായി ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. പുന:ചംക്രമണയോഗ്യമായ പ്ലാസ്റ്റിക്, ചില്ലുകുപ്പി, തുടങ്ങിയ മറ്റ് അജൈവമാലിന്യങ്ങൾ പുന:ചംക്രമണ ഏജൻസിക്ക് കൈമാറുന്നു. ബാക്കിയുള്ളവ സംസ്കരണത്തിന്റെ ഭാഗമായുള്ള സുരക്ഷിതമായ ലാന്റ് ഫില്ലിംഗിലേക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ പ്രളയബാധിത ജില്ലകളിൽ നിന്നുമുള്ള അജൈവമാലിന്യ ശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. പ്രളയക്കെടുതിയെ തുടർന്നുണ്ടായ ഇ-മാലിന്യങ്ങൾ, പ്ലാസ്റ്റിക് വസ്തുക്കൾ, മെത്തകൾ, തുണികൾ ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ക്ലീൻകേരള കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും വർദ്ധിച്ച തോതിൽ മാലിന്യം അടിഞ്ഞുകൂടിയിരുന്നതിനാൽ 6 സ്ഥാപനങ്ങളുടെ സേവനങ്ങൾകൂടി ഈ ആവശ്യത്തിലേക്ക് ഉപയോഗപ്പെടുത്തി. (ഗ്രീൻ വേംസ് എക്കോ സൊല്യൂഷൻസ്, എൽ.എൽ.പി. വെസ്റ്റ് ഹിൽ, കോഴിക്കോട്, ക്രിസ്സ് ഗ്ലോബൽ ട്രേഡേഴ്സ്, വെങ്ങൽ, ആലുംതുരുത്തി പി.ഒ., തിരുവല്ല, ഒലീന മഹിളാ സമാജം, വെസ്റ്റ് ഹിൽ, കോഴിക്കോട്, നിറവ് സീറോ വേസ്റ്റ് മാനേജ്മെൻറ്, കോഴിക്കോട്, പ്ലാസ്റ്റിക് റീസൈക്ലിംഗ് ഇൻഡസ്ട്രിയൽ അസോസിയേഷൻ, പെരുമ്പാവൂർ, എറണാകുളം, സ്ക്രാപ്പ് മർച്ചൻസ് അസോസിയേഷൻ). അജൈവമാലിന്യ സംസ്കരണത്തിന് കേരള എൻവിറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് എന്ന കമ്പനിയുടെ സേവനം കൂടി ആവശ്യമെങ്കിൽ ഉൾപ്പെടുത്തുവാൻ നിർദേശം നൽകിയിരുന്നു.

ദുരിതാശ്വാസ ക്യാമ്പുകളിലെ ജൈവ മാലിന്യങ്ങൾ ഏറ്റവും ആദ്യം സംസ്കരിക്കുവാനും ആയവ വെള്ളക്കെട്ടില്ലാത്ത സ്ഥലത്ത് സംസ്കരിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ രീതിയും സഹായവും ലഭ്യമാക്കി. (7 ടൺ ഇനോക്കുലം ലഭ്യമാക്കിയിരുന്നു). പ്രളയത്തെത്തുടർന്ന് നടത്തപ്പെട്ട ശുചീകരണ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിവര-വിജ്ഞാന വ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി അഞ്ച് മിനിട്ട് ദൈർഘ്യമുള്ള "വൃത്തിനേടും കേരളം വിജയിക്കും കേരളം" എന്ന സ്പോൺസേർഡ് പരിപാടി ആകാശവാണിയിലൂടെ എല്ലാ പി.സി. നെറ്റ് വർക്ക് സ്റ്റേഷനുകളിലൂടെയും സെപ്റ്റംബർ 1 മുതൽ ഒരു മാസക്കാലയളവിൽ സംപ്രേക്ഷണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിരുന്നു. കൂടാതെ ശരിയായ മാലിന്യ സംസ്കരണം ശാസ്ത്രീയമായി നടത്തുന്നതിന് കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനായി ശുചിത്വ മിഷൻ നിർമ്മിച്ച 1-2 മിനിട്ട് ദൈർഘ്യമുള്ള വീഡിയോ ചിത്രങ്ങൾ ദൂരദർശൻ ചാനൽ മുഖേന സംപ്രേക്ഷണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. പ്രളയത്തെത്തുടർന്നുള്ള ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും പൊതു സ്ഥലങ്ങളിലുമുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് സംസ്കരിക്കുകയും അജൈവമാലിന്യങ്ങൾ വേർതിരിച്ച് പുന:ചംക്രമണത്തിന് കൈമാറുകയും ചെയ്യണം എന്ന ലക്ഷ്യത്തോടെ 2018 സെപ്റ്റംബർ

22 മുതൽ ഒക്ടോബർ 2 വരെയുള്ള കാലയളവിൽ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് തീവ്രശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ശുചിത്വ കേരളം (റൂറൽ) ഐ.ഇ.സി. ഘടകത്തിൽ നിന്ന് ഒരു ലക്ഷം രൂപ വീതം ശുചിത്വമിഷൻ മുഖേന അനുവദിച്ച് നൽകിയിരുന്നു. ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും മടങ്ങി സ്വന്തം വാസസ്ഥലങ്ങളിലേക്ക് പോകുന്നവരുടെ ഭവനങ്ങൾ സന്ദർശിച്ച് ശുചിത്വസൗകര്യം ഉറപ്പാക്കുന്നതിന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ സഹായത്തോടെ ആവശ്യമായ നടപടി ശുചിത്വ മിഷൻ മുഖേന സ്വീകരിച്ചിട്ടുണ്ട്.

കുടിവെള്ള സ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയിരുന്നു. ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് ക്ലോറിനേഷൻ എന്ന പ്രായോഗികവും ഫലപ്രദവുമായ അണുനശീകരണ മാർഗ്ഗത്തിന് ബ്ലീച്ചിംഗ് പൗഡർ ഉപയോഗിക്കുന്നതിലേക്ക് ഏകദേശം 300 ടൺ ബ്ലീച്ചിംഗ് പൗഡർ ലഭ്യമാക്കിയിരുന്നു. മലിനീകരിക്കപ്പെട്ട 301034 കിണറുകൾ ശുചീകരിച്ചു.

സെക്ഷൻ ഓഫീസർ